**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **03-02-2026 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ചിറയിൻകീഴ് മണ്ഡലത്തിൽ (തിരുവനന്തപുരം & ചിറയിൻകീഴ് താലൂക്ക് പരിധി) എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തുമായി ചിറയിൻകീഴ് മണ്ഡലത്തിൽ 145 പട്ടയങ്ങളും 27 കൈവശാവകാശ രേഖകളും അനുവദിച്ചിട്ടുണ്ട്. പട്ടയം, കൈവശരേഖ എന്നിവയുടെ ഇനം തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 1964 ലെ ഭൂമി പതിവ് ചട്ടം പ്രകാരമുള്ള ലാൻഡ് അസൈൻമെന്റ് (എൽ.എ) പട്ടയങ്ങളും, കുടി കിടപ്പ് പട്ടയങ്ങളുമാണ് നൽകി വരുന്നത്. |
| (സി) | പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിനായി ചിറയിൻകീഴ് മണ്ഡലത്തിൽ ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ? | (സി) | ചിറയിൻകീഴ് മണ്ഡലത്തിന്റെ പരിധിയിൽ 76 അപേക്ഷകൾ നിലവിൽ പരിഗണനയിലാണ്. ഇവയിൽ ചിറയിൻകീഴ് താലൂക്ക് പരിധിയ്ക്കുള്ളിൽ 6 എൽ.എ പട്ടയ അപേക്ഷകളും ഒരു കുടികിടപ്പ് പട്ടയ അപേക്ഷയും തിരുവനന്തപുരം താലൂക്ക് പരിധിയ്ക്കുള്ളിലെ 66 അപേക്ഷകളും ഉള്ളതും, ടി അപേക്ഷകളിന്മേൽ സർവ്വേ നടപടികൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

| **ഗ്രാമ പഞ്ചായത്ത്** | **വില്ലേജ്** | **എൽ.എ. പട്ടയം** | **കുടി കിടപ്പ് പട്ടയം** | **കൈവശ രേഖ** |
|---|---|---|---|---|
| അഴൂർ | അഴൂർ | 41 | 2 | 0 |
| അഞ്ചുതെങ്ങ് | അഞ്ചുതെങ്ങ് | 16 | 0 | 0 |
| മുദാക്കൽ | ഇടയ്ക്കോട് | 11 | 0 | 0 |
| | ഇളമ്പ | 2 | 1 | 0 |
| | മുദാക്കൽ | 0 | 1 | 0 |
| ചിറയിൻകീഴ് | ശാർക്കര-ചിറയിൻകീഴ് | 1 | 0 | 1 |
| കീഴവില്ലം | കീഴവില്ലം-കൂന്തള്ളൂർ | 1 | 0 | 0 |
| കടയ്ക്കാവൂർ | കടയ്ക്കാവൂർ | 0 | 2 | 0 |
| മംഗലാപുരം | വെയിലൂർ | 21 | 0 | 22 |
| മംഗലാപൂരം | മേൽതോന്നയ്ക്കൽ | 2 | 0 | 0 |
| കഠിനകുളം | കഠിനകുളം | 31 | 0 | 4 |
| കഠിനകുളം | മേനംകുളം | 12 | 1 | 0 |
| ആകെ | | 138 | 7 | 27 |